**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2639** **06-10-2025 - ൽ മറുപടിയ്ക്ക്**

**എന്റർപ്രണർ സപ്പോർട്ട് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എന്റർപ്രണർ സപ്പോർട്ട് സ്കീമിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. |
| (ബി) | ഈ ഇനത്തിൽ എത്ര ശതമാനമാണ് സബ്സിഡിയായി നൽകുന്നത്; വ്യക്തമാക്കാമോ; | (ബി) | ഇ.എസ്,എസ് പദ്ധതി പ്രകാരം പൊതു വിഭാഗം അപേക്ഷകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപയും, വനിത, പട്ടിക ജാതി പട്ടികവർഗ്ഗ യുവ സംരംഭകർ, നോൺ റസിഡന്റ് കേരളൈറ്റ്സ് എന്നീ വിഭാഗങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നു.<br><br>മുൻഗണനാ വ്യവസായങ്ങളിലുൾപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപയും, ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളിൽ സംരംഭം ആരംഭിക്കുന്നവർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപയും അധിക സബ്സിഡിയായി അനുവദിക്കുന്നു.<br><br>ഈ പദ്ധതി പ്രകാരം ഒരു സംരംഭത്തിന് അനുവദിക്കുന്ന പരമാവധി സബ്സിഡി 40 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിലവിൽ സബ്സിഡിയായി ഏത് തീയതി വരെയുള്ള അപേക്ഷകർക്കാണ് തുക നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | 2022-23 സാമ്പത്തിക വർഷം വരെ പാസാക്കിയ സബ്സിഡി പൂർണ്ണമായും 2023-24 സാമ്പത്തിക വർഷത്തിൽ പാസാക്കിയ സബ്സിഡി ഭാഗികമായും ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ